"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് -മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം -തദ്ദേശ സ്ഥാപനങ്ങളുടെ തനത്ഫണ്ടിൽ നിന്ന് ചെലവ് അനുവാദം നൽകിയത് - സാധൂകരണം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.446/2026/LSGD തീയതി,തിരുവനന്തപുരം, 21-02-2026

---

പരാമർശം:-
1. സ.ഉ(അച്ചടി) 138/2025/ധന തീയതി:01-11-2025
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08-02-2026 ലെ LSGD/PD/36614/2025-SSP6 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് 35നും 60 നും ഇടയിൽ പ്രായം വരുന്ന സാമൂഹ്യസുരക്ഷാ പെൻഷന്റെ ആനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്ത അന്ത്യോദയ അന്നയോജനയിലും മുൻഗണന വിഭാഗത്തിലും ഉൾപ്പെടുന്ന സ്ത്രീകൾക്ക് മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 11-02-2026 ന് തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ വച്ച് നടത്തുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ പദ്ധതിയുടെ ഗുണഭോക്താക്കളേയും ജനപ്രതിനിധികളേയും പങ്കെടുപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിലെ തനതു ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുവാൻ അനുവാദം നൽകിയിരുന്നെന്നും ആയതിന് സാധൂകരണം നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ ഗുണഭോക്താക്കളേയും ജനപ്രതിനിധികളേയും പങ്കെടുപ്പിക്കുന്നതിന് വാഹന ക്രമീകരണത്തിന് അംഗീകൃത വാടക നിരക്കനുസരിച്ച് വാഹന വാടക , പങ്കെടുത്ത ഓരോ അംഗത്തിനും 30/- രൂപ നിരക്കിൽ ലഘുഭക്ഷണം എന്നിവയ്ക്കായി തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയ പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള,തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 23-02-2026 10:38:23

പകർപ്പ് - ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി